**തദ്ദേശ സ്വയംഭരണ പ്ലാനിംഗ് മേഖലാ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- തിരുവനന്തപുരം നഗരസഭയിൽ കവടിയാർ വില്ലേജിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീ.ശ്രീകുമാർ, ശ്രീമതി.ലതകുമാരി.എം.കെ എന്നിവരുടെ 28.05.2020 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPTVM/538/2020-D തീയതി 03/09/2020**

തിരുവനന്തപുരം നഗരസഭയിൽ കവടിയാർ വില്ലേജിൽ റീ സർവ്വേ നമ്പർ 142, 115 എന്നിവയിൽ ഉൾപ്പെട്ട 6.84 ആർ സ്ഥലത്ത് മൂന്ന് നിലകളിലായി professional office പണിയുന്നതിനായി ശ്രീകുമാർ, ലതാകുമാരി എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. പ്രസ്തുത നിർമ്മാണം, KMBR -2019 നും ബാധകമായ മറ്റു നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.
2. വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് ഉടമസ്ഥത , സർവ്വേ നമ്പർ , അതിർത്തി അളവുകൾ, സ്ഥലവിസ്തൃതി എന്നിവ ശരിയാണെന്നും നിലം, പുറമ്പോക്ക് എന്നിവ ഉൾപെട്ടിട്ടില്ലെന്നും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. അപേക്ഷകന് നിർമ്മാണ സ്ഥലത്തിനോട് ചേർന്ന് വസ്തു ഉള്ളതായി പ്ലാനിൽ , നൽകിയിട്ടില്ല. നിർമ്മാണസ്ഥലത്തിനോട് ചേർന്ന് വസ്തു ഉണ്ടെങ്കിൽ Rule 26(5) പ്രകാരമുള്ള 2m അകലം പാലിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.
4. Car parking-നായി നീക്കി വച്ചിട്ടുള്ള ഭാഗം മറ്റ് ഉപയോഗങ്ങൾക്കായി മാറ്റപ്പെടുന്നില്ലെന്നും, Fire escape stair case- നു തടസ്സങ്ങളില്ലാതെ ground-ലേയ്ക്ക് exit ലഭ്യമാണെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. KMBR ചട്ടം 5(5) പ്രകാരം, KSECBC compliance ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
6. KMBR ചട്ടം 5(4) 13 പ്രകാരം, Appendix L അനുസരിച്ചുള്ള self declaration form ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
7. KMBR ചട്ടം 34, ചട്ടം 42(4) എന്നിവ പ്രകാരം ആവശ്യമായ wash basin നൽകേണ്ടതാണ്.
8. ചട്ടം 76(3) പ്രകാരം Urban Forestry ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല . കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ലേഔട്ട് അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ 17/2020 (ഒരു സെറ്റ് ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: പ്ലാൻ ഒരു സെറ്റ്

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)
1)Sri Sreekumar, Lathakumari.M.K
Guruvihar, Pattom.P.O

2) കരുതൽ ഫയൽ